നം.കെ.എസ്.എ.പി.റ്റി.എ.പി9-1224/17 **തീയതി: 4.11.2017**

<u>പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) -വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)</u>

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ

<u>ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ</u>

മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 5.12.2015 മുതൽ 31.8.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് വിനിയോഗിച്ച സമയം	*ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം*
22.9.2017 മുതൽ 28.9.2017 വരെ	ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ. മഹേഷ് കുമാർ കെ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ. ഹരികുമാർ ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

<u>നിർവ്വഹണാധികാരികൾ</u>

<u>പ്രസിഡന്റ്</u>

ശ്രീ. പി കെ ഗോപി	1.4.2016 മുതൽ 31.3.2017 വരെ

<u>സെക്രട്ടറി</u>

ശ്രീ. പി കെ ജോൺ	1.4.2016 മുതൽ 31.3.2017 വരെ

<u>മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

കൃഷി ഓഫീസർ	
ശ്രീ. പി ഗണേഷ് കുമാർ	1.4.2016 മുതൽ 31.1.2017 വരെ
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	
ഡോ. തനൂജ എം	1.4.2016 മുതൽ 31.3.2017 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	
ശ്രീമതി ബിന്ദു വി എസ്	1.4.2016 മുതൽ 22.7.2016 വരെ
ശ്രീമതി വിജയകുമാരി അമ്മ എ ജി	23.7.2016 മുതൽ 31.3.2017
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	
ശ്രീ. അഭിലാഷ് ആർ	1.4.2016 മുതൽ 8.4.2016 വരെ
ശ്രീ. സജീവ് പി വി	9.4.2016 മുതൽ 31.3.2017 വരെ
വെറ്ററിനറി സർജൻ	
ശ്രീമതി വിജി വി ആർ	1.4.2016 മുതൽ 31.3.2017 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	
ശ്രീമതി സജിത പി വി	1.4.2016 മുതൽ 6.7.2016 വരെ
ശ്രീമതി ബിന്ദു വി നായർ	7.7.2016 മുതൽ 3.8.2016 വരെ
ശ്രീമതി ജ്യോതി എസ് കുമാർ	4.8.2016 മുതൽ 31.3.2017 വരെ
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	
ശ്രീ. സുമേഷ് സി വാസുദേവ്	1.4.2016 മുതൽ 11.8.2016 വരെ
ശ്രീമതി എൽ ഇന്ദു	12.8.2016 മുതൽ 31.3.2017 വരെ

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016-17
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

സൂചിക

ക്രമ നം.	വിഷയം	ഖണ്ഡിക നം.
	ഭാഗം-1	
1	ബഡ്ജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	പദ്ധതി നിർവ്വഹണ വിവരങ്ങൾ	1-7
8	തനത് വരുമാനം	1-8
9	ക്ഷേമപദ്ധതികൾ	1-9
10	ക്യാഷ് വെരിഫിക്കേഷൻ	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
	ഭാഗം-2	
12	നാലുനില വാണിജ്യ കെട്ടിടത്തിനു പെർമിറ്റ് നൽകിയത്- കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടില്ല	2-1
13	കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിയ്ക്കാതെ സ്കൂൾ കെട്ടിടം നിർമ്മിച്ചു	2-2
14	അഗ്നിശമന സുരക്ഷ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെ ബിൽഡിംഗ് പെർമിറ്റു നൽകി	2-3
15	ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതിൽ നിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിയ്ക്കുന്നില്ല	2-4
	ഭാഗം-3	
16	ആവശ്യകത നിർണ്ണയിക്കാതെ ട്യൂബ് ലൈറ്റുകൾ വാങ്ങിയത് വിതരണം ചെയ്യാത്ത അവസ്ഥയിൽ	3-1

17	ആയുർവ്വേദാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല	3-2
18	പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല	3-3
19	സംയുക്ത പ്രൊജക്ട് നടപ്പിലാക്കുന്നതിൽ വീഴ്ച	3-4
20	റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച	3-5
21	റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച	3-6
22	ആശ്രയ പദ്ധതി - അവലോകനം	3-7
	ഭാഗം-4	
23	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും	4-1
24	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം	4-2
25	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-3
26	വായ്പ/ വായ്പ തിരിച്ചടവ്	4-4
27	സ്ഥിരനിക്ഷേപങ്ങൾ	4-5
28	ഓഡിറ്റ് റിക്കവറി	4-6
29	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
30	ഓഡിറ്റ് പ്രത്യവലോകനം	4-8
31	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബഡ്ജറ്റ്

2016-17വർഷത്തെ ബഡ്ജറ്റ് 23.2.2016-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഇനം	*പ്രതീക്ഷിച്ചത്* *(ബഡ്ജറ്റ് പ്രകാരം)*	*യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക*	*വ്യത്യാസം*		*ശതമാനം*
			കൂടുതൽ	*കുറവ്*	*(+) / (-)*

മുന്നിരിപ്പ്	3124583	*കണക്ക്* 3070186 *(പ്രകാരം)*		54397	1.74
വരവ്	44872500	22437749		22434751	49.9
ആകെ	47997083	25507935		22489148	46.8
ചെലവ്	47491500	21491294		26000206	54.7
നീക്കിയിരിപ്പ്	505583	4016641	3511058		694.46

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ വളരെയധികം അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

വർഷം	*ധനകാര്യപത്രിക ലഭിക്കേണ്ട തീയതി*	*ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്)*
2016-17	31.7.2017	16.6.2017

1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ താഴെ പറയുന്നു.

1. വസ്തുനികുതി ഡിമാന്റ്, ബാലൻസ് തുകകൾ കൃത്യമായി കണക്കാക്കിയിട്ടില്ല. ആയതിനാൽ I-1, B-15 എന്നീ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ തുകകളുമായി വാർഷികകണക്കിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ അപാകത പരിഹരിക്കേണ്ടതാണ്.

1-4 സാമ്പത്തിക വിശകലനം

ഇനം	*2016-17*
മുന്നിരിപ്പ്	3070186
വരവ്	22437749
ആകെ	25507935
ചെലവ്	21491294
നീക്കിയിരിപ്പ്	4016641

1-5 ഫണ്ട് വിനിയോഗം

	മുൻ ബാക്കി	*തൻവർഷ വരവ്*	*ആകെ*	*ചെലവ്*	*നീക്കിയിരിപ്പ്*	*ചെലവ് ശതമാനം*
വികസന ഫണ്ട് (ജനറൽ)	-	4171336	4171336	3647592	523744	87.4
വികസന ഫണ്ട് (എസ്.സി.പി)	-	2187375	2187375	1071880	1115495	49

വികസന ഫണ്ട് (റ്റി.എസ്.പി)	-	5604	5604	-	5604	-
സംരക്ഷണ ഗ്രാന്റ് (റോഡ്)	-	4708674	4708674	1567922	3140752	33
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	-	2554755	2554755	2042854	511901	79.9
ധനകാര്യ കമ്മീഷൻ അവാർഡ്	-	2339760	2339760	1563493	776267	66.8
ലോക ബാങ്ക് സഹായം	-	1409483	1409483	958099	451384	67.9

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	*അടങ്കൽ*	*നടപ്പാക്കിയത്*	*ചെലവഴിച്ച തുക*	*നടപ്പാക്കാത്തവ*	*പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം*
124	24822803	68	11578207	56	54.84

1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

വികസന മേഖല	*അംഗീകരിച്ച പ്രോജക്ടുകൾ*		*നടപ്പാക്കിയ പ്രോജക്ടുകൾ*		
	എണ്ണം	*അടങ്കൽ തുക*	*എണ്ണം*	*ചെലവ് തുക*	*ചെലവ് ശതമാനം*
ഉല്പാദനം	16	3242888	11	887613	27.37
സേവനം	44	11577225	34	6851262	59.18
പശ്ചാത്തലം	64	10002690	23	3839332	38.38
ആകെ	**124**	**24822803**	**68**	**11578207**	**46.64**

നിർവ്വഹണ ഉദ്യോഗസ്ഥൻ	*ആവിഷ്കരിച്ച പദ്ധതികൾ*	*നടപ്പാക്കിയ പദ്ധതികൾ*	*വകയിരുത്തിയ തുക*	*ചെലവഴിച്ച തുക*	*ചെലവ് ശതമാനം*
സെക്രട്ടറി	21	17	3550743	2617707	73.72

അസിസ്റ്റന്റ് സെക്രട്ടറി	10	8	2205775	945430	42.86
അസിസ്റ്റന്റ് എഞ്ചിനീയർ	62	19	9277806	2774283	29.9
വി.ഇ.ഒ	6	5	4598600	2332400	50.72
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	6	3	602135	440759	73.2
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	2	2	500000	500000	100
മെഡിക്കൽ ഓഫീസർ (ഹോമിയോ)	2	2	129492	106620	82.34
ഐ.സി.ഡി.എസ് സൂപ്പർവൈസർ	4	4	1558200	1277756	82
കൃഷി ഓഫീസർ	4	4	745000	146652	19.68
വെറ്ററിനറി സർജൻ	5	3	960052	213600	22.25
ഡയറി ഫാം ഇൻസ്ട്രക്ടർ	2	1	695000	223000	32.09
ആകെ	**124**	**68**	**24822803**	**11578207**	**46.64**

1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

ഇനം	*മുൻവർഷം*	*തൻവർഷം*	*വ്യത്യാസം*	*ശതമാനം (+)/(-)*
നികുതി വരവുകൾ	653250	692310	39060	5.98
നികുതിയേതര വരവുകൾ	465628	732648	267020	57.35
മറ്റു വരവുകൾ	3440346	3670564	230218	6.6
ആകെ	4559224	5095522	536298	11.76

1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	*പദ്ധതി*	*2016-17 ൽ ലഭിച്ച അപേക്ഷകൾ*	*അംഗീകരിച്ച അപേക്ഷകൾ*	*ആകെ ഗുണഭോക്താക്കൾ*	*ചെലവ്*
1	കർഷകത്തൊഴിലാളി പെൻഷൻ	5	5	131	1083870
2	വിധവാ പെൻഷൻ	28	23	303	2597950

3	വികലാംഗ പെൻഷൻ	16	16	91	703500
4	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1	1	11	92660
5	വാർദ്ധക്യകാല പെൻഷൻ	273	217	642	6717110

1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.9.2017-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 21012/- (ഇരുപത്തി ഓരായിരത്തി പന്ത്രണ്ട്) രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	*അവസാനം ഓഡിറ്റ് നടത്തിയ തീയതി*	*ഓഡിറ്റ് കാലയളവ്*	*റിപ്പോർട്ട് ലഭിച്ച തീയതി*
പെർഫോമൻസ് ഓഡിറ്റ്	21.7.2017	4/17-5/17	റിപ്പോർട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	4.10.2010	1997-98 മുതൽ 2002-03 വരെ	24.1.2011

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 നാലുനില വാണിജ്യ കെട്ടിടത്തിനു പെർമിറ്റ് നൽകിയത്- കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടില്ല

15.06.2013 ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് (ആർ.എ) സർക്കുലർ പ്രകാരം (നം.32131/ആർ.എ.1/2012/തസ്വഭവ) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ സാങ്കേതിക വിദഗ്ദ്ധർ പരിശോധന നടത്തിയതിനു ശേഷം മാത്രമെ സെക്രട്ടറി പെർമിറ്റ് നൽകാവു എന്ന് നിഷ്കർശിച്ചിട്ടുണ്ട്.എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥലപരിശോധന റിപ്പോർട്ട് അവഗണിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് ശ്രീ.ജോൺ മാത്യു,കീപ്പള്ളിൽ,കുടശ്ശനാട് പി.ഒ, പന്തളം എന്ന വ്യക്തിയ്ക്ക് നാലുനിലകെട്ടിടം നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
മൈലപ്ര പഞ്ചായത്തിലെ മൈലപ്ര വില്ലേജിൽ ബഹുനില വാണിജ്യ കെട്ടിടം (സർവ്വെ നമ്പർ:565/4, 37.75ആർ) നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റിനായി 04.09.2015 ൽ ശ്രീ.ജോൺ മാത്യു അപേക്ഷ നൽകിയിരുന്നു. ടിയാൾ സമർപ്പിച്ച പ്ളാൻ തുടർ പരിശോധനകൾക്കായി LSGD, അസിസ്റ്റന്റ് എഞ്ചിനീയർക്കു കൈമാറി. പ്ലാൻ പരിശോധിച്ച ശേഷം താഴെ പറയുന്ന അപാകതകൾ അസിസ്റ്റന്റ് എഞ്ചിനീയർ 28.09.2015 ൽ റിപ്പോർട്ട് ചെയ്തു.

1.പ്ളാനിൽ സെല്ലാർ ആയി കാണിച്ച രണ്ടു നിലകളും സെല്ലാർ അല്ല.പ്ളോട്ടിനു രണ്ടു വശത്തു നിന്നും റോഡും വഴിയുമുണ്ട്. മുൻവശത്ത് സ്ഥലമുണ്ട്.അതിനാൽ നിലം നിരപ്പിൽ നിന്ന് 4 നിലയുള്ള കെട്ടിടമായി മാത്രമെ ഇതിനെ കാണാൻ കഴിയു.
2.റൂൾ 38,4B പ്രകാരം കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ 3349m2 ആയതിനാൽ 46 കാർ പാർക്കിംഗിനുള്ള ഏരിയ വരച്ചു കാണിയ്ക്കണം.
3.റൂൾ 38 (4) പ്രകാരം 25% അധികമായി ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിനുള്ള സ്ഥലം നൽകേണ്ടതാണ്.
4.റൂൾ 102(1),7,102(3) പ്രകാരം 1m2 നു 25 ലിറ്റർ വീതമുള്ള മഴവെള്ള സംഭരണിയുടേയും ഭൂജല പോഷണ സംവിധാനത്തിന്റെയും സംവിധാനങ്ങൾ പ്ളാനിൽ വരച്ചു കാണിച്ചിട്ടില്ല.
5.കെട്ടിടത്തിനു 13 മീറ്റർ Height ഉള്ളതിനാൽ രണ്ടു റോഡുകളുടേയും അതിർത്തിയിൽ നിന്നും 3.5 മീറ്റർ സെറ്റ്ബാക്ക് വേണം.

(പുനലൂർ-മൂവാറ്റുപുഴ റോഡുനോട് ചേർത്ത് നിർമ്മിച്ച കെട്ടിടത്തിന്റെ ഭാഗം)

പിന്നീട് അപാകതകൾ പരിഹരിക്കാതെ റിവൈസ്ഡ് പ്ലാനുകൾ ഉടമസ്ഥൻ സമർപ്പിക്കുകകയും അസിസ്റ്റന്റ് എഞ്ചിനീയർ താഴെ പറയുന്ന വിവരം 05.03.2016 ൽ റിപ്പോർട്ടു ചെയ്യുകയും ചെയ്തു.
“ഈ സൈറ്റ് സ്ഥിതി ചെയ്യുന്നത് പുനലൂർ-മൂവാറ്റുപുഴ റോഡിന്റെയും പത്തനംതിട്ട-മൈലപ്ര റോഡിന്റെയും വശത്താണ്.രണ്ടു വശത്തും അതിർത്തി തിരിച്ച് സർവ്വെക്കല്ലുകൾ ലഭ്യമല്ല. സൈറ്റ് പരിശോധിച്ച സമയത്ത് സർവ്വെക്കല്ലുകൾ കാണാൻ കഴിഞ്ഞിട്ടില്ല. KSTP ഏറ്റെടുത്ത റോഡിന്റെ വീതി എത്രയാണെന്ന് അറിയില്ല.പ്ളാനിൽ കാണിച്ചിരിക്കുന്ന 13 മീറ്റർ റോഡിനു വീതി കൂട്ടുന്നതിനു മുമ്പാണ്.വീതി കൂട്ടിയതിനു ശേഷം റോഡിനു 18/21 മീറ്റർ വീതിയുണ്ടെന്നു അറിയാൻ കഴിഞ്ഞു. KSTP യിൽ നിന്നും ഈ ഭാഗത്തെ റോഡിന്റെ വീതി എത്രയാണെന്നു രേഖാമൂലം എഴുതി വാങ്ങിയാൽ മാത്രമെ സൈറ്റ് Verify ചെയ്ത് റിപ്പോർട്ടു നൽകാൻ കഴിയുകയുള്ളൂ”.

തുടർന്ന് അതിർത്തി നിർണ്ണയിച്ചു തരുന്നതിനായി 29.03.2016 ൽ അസിസ്റ്റന്റ് എഞ്ചിനീയർ കോന്നി,താലൂക്ക് സർവ്വെയർക്കും KSTP,പൊൻകുന്നം,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും കത്തു നൽകി.എന്നാൽ KSTP,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടും മൈലപ്ര-പത്തനംതിട്ട റോഡിന്റെ അതിരു നിർണ്ണയിച്ചുള്ള PWD, പത്തനംതിട്ട, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടും വാങ്ങിയിട്ടില്ല. എന്നിട്ടും കെട്ടിടത്തിന്റെ പ്ളാൻ KPBR-2011 നു വിധേയമായിട്ടാണെന്ന 21.06.2016-ൽ ഓവർസിയർ റിപ്പോർട്ട് ചെയ്യുകയും അസിസ്റ്റന്റ് എഞ്ചിനീയർ (തീയതിയോ പേരോ രണ്ടു പേരും രേഖപ്പെടുത്തിയിട്ടില്ല.) മേലൊപ്പ് ഇടുകയും ചെയ്തു. തുടർന്ന് ഫയൽ കോട്ടയം,ഫയർ&റസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിനു N.O.C യ്ക്കായി നൽകി. (M3.1930/15;22.06.2016). പ്രസ്തുത കത്തിൽ 3062.40m2 പ്ലിന്ത് ഏരിയയുള്ള കെട്ടിടത്തിന്റെ പ്ളാൻ സമർപ്പിക്കുന്നു എന്നു രേഖപ്പെടുത്തിയിരുന്നു.
ഫയർ&റസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിന്റെ N.O.C ലഭ്യമാകുകയും (No.A1-3133/16) ഫയൽ തുടർ പരിശോധനകൾക്കായി 20.07.2016 ൽ അസിസ്റ്റന്റ് എഞ്ചിനീയർക്കു കൈമാറുകയും ചെയ്തു. സ്ഥലം മാറ്റം ലഭിച്ചു വന്ന അസിസ്റ്റന്റ് എഞ്ചിനീയർ ഗുരുതരമായ വിഷയങ്ങൾ ഉൾക്കൊള്ളുന്ന മറ്റൊരു അന്വേഷണ റിപ്പോർട്ട് 09.08.2016 ൽ സമർപ്പിക്കുകയും അപാകതകൾ പരിഹരിയ്ക്കുവാൻ അപേക്ഷകനു കത്തു നൽകാൻ ശുപാർശ ചെയ്യുകയും ചെയ്തു.

എന്നാൽ പിന്നീട് യാതൊരുവിധ പരിശോധനയും കൂടാതെ പെർമിറ്റ് ഫീ ഈടാക്കിക്കൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബിൽഡിംഗ് പെർമിറ്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകി.(No.M3-1930/15;17.08.2016).ഓഫീസ് നോട്ടിൽ സെക്ഷൻ ക്ലാർക്കോ സെക്രട്ടറിയോ പേരും തീയതിയും ഇൻഷ്യലോ രേഖപ്പെടുത്തിയിട്ടില്ല.

ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റിനു പഞ്ചായത്തിൽ നിന്നു കൈമാറിയ പ്ലാനിൽ കെട്ടിടത്തിന്റെ ആകെ പ്ളിന്ത് ഏരിയ 3062.40m2 എന്നു രേഖപ്പെടുത്തിയിരുന്നു. 3000m2 നു മുകളിൽ തറവിസ്തീർണ്ണം വരുന്ന കെട്ടിടത്തിന്റെ നിർമ്മിതിയ്ക്കായി ജില്ലാ ടൗൺ പ്ലാനറിൽ നിന്നും അനുമതി വാങ്ങേണ്ടതുണ്ട്.എന്നാൽ അത്തരമൊരു അനുമതി വാങ്ങിയിട്ടുമില്ല. ഇതു ബോധപൂർവ്വം ഒഴിവാക്കുന്നതിനായി 3000m2 ൽ താഴെ

തറവിസ്തീർണ്ണമുള്ള ഒരു സമാന്തര പ്ളാൻ തയ്യാറാക്കുകയും ഇതിനു പെർമിറ്റ് നൽകുകയും ചെയ്തു. ഇത് ഗുരുതരമായ ചട്ടലംഘനവും അപാകതയുമായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു-

ബിൽഡിംഗ് പെർമിറ്റ് പ്രകാരം	ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റിനു നൽകിയ പ്ലാൻ പ്രകാരം
Basement-769.29m^2	Cellar1-765.65m^2
Mezzanine-256.3m^2	Cellar2-765.65m^2
Ground Floor-829.8m^2	Ground Floor-765.65m^2
First Floor-824.45m^2	First Floor-765.65m^2
Total-2679.84m^2	**Total-3062.40**m^2

09.08.2016 ൽ സ്ഥലം മാറിവന്ന് ചുമതലയേറ്റ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് അവഗണിച്ചുകൊണ്ട് ബിൽഡിംഗ് പെർമിറ്റ് ന്ലകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ഗുരുതരമായ ചട്ടലംഘനമാണ്.

a) 19.11.2015,03.12.2015,08.01.2016,27.01.2016,10.02.2016,05.03.2016 എന്നീ തീയതികളിൽ അപേക്ഷകൻ ഹാജരാക്കിയ പ്ലാനുകൾ പരിശോധിച്ച് അപാകതകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.എന്നാൽ അവ പരിഹരിച്ച് KPBR പാലിച്ച് പുതുക്കിയ പ്ലാൻ ഫയലിൽ ഇല്ല.
b) ഫയർ&റസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിനു N.O.C യ്ക്കായി നൽകിയ പ്ലാനിൽ ഇതിനായി ശുപാർശകത്ത് 21.06.2016 ൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പിട്ടിട്ടില്ല.
c) സമ്രപ്പിച്ചിരിയ്ക്കുന്ന അപേക്ഷയിൽ ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഉടമസ്ഥൻ പ്ളാനിൽ ഒപ്പിട്ടിട്ടില്ല.
d) അപേക്ഷയിൽ Undertaking Certificate ഒപ്പിട്ടിരിയ്ക്കുന്ന ലൈസൻസി അല്ല പ്ളാനിൽ ഒപ്പിട്ടിരിക്കുന്നത്.
e) അപേക്ഷയിൽ സമർപ്പിച്ചിരിക്കുന്ന കരം അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന വസ്തുവിന്റെ വിസ്തീർണ്ണവും പ്ളാനിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും വ്യത്യസ്തമാണ്. അതിനാൽ FAR, Coverage എന്നിവ കണക്കാക്കിയിരിക്കുന്നത് ശരിയല്ല.
f) K.S.T.P ഏറ്റെടുത്ത സ്ഥലം കൂടി രേഖപ്പെടുത്തി റോഡിന്റെ യഥാർത്ഥ വീതി പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.
g) KSTP റോഡിനോടു ചേർന്ന ഭാഗത്ത് പ്ലാനിൽ മാർക്ക് ചെയ്തിരിക്കുന്ന പാർക്കിംഗ് സ്ഥലത്ത് (സെല്ലാർ-1,സെല്ലാർ-2) വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് KPBR റൂൾ 38(7) പ്രകാരം പ്രായോഗികമല്ല.
h) മൈലപ്ര-പത്തനംതിട്ട റോഡിന്റെ ഭാഗത്തെ യഥാർത്ഥ വീതി പ്ലാനിൽ കാണിച്ചിട്ടില്ല.
I) കെട്ടിടം മൈലപ്ര-പത്തനംതിട്ട റോഡിൽ നിന്ന് നേരിട്ട് പ്രവേശനമാർഗ്ഗമുള്ളതിനാൽ സെല്ലാർ- 1,സെല്ലാർ-2 എന്നിവ അംഗീകരിയ്ക്കാൻ കഴിയില്ല. G+3 Floor കെട്ടിടമായിട്ട് ഇതിനെ കണക്കാക്കേണ്ടതാണ്.
K) First Floor ൽ വാഹനങ്ങൾ പ്രദർശിപ്പിക്കുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും ആയതിലേക്കുള്ള പ്രവേശനമാർഗ്ഗം പ്ലാനിൽ കാണിച്ചിട്ടില്ല.
l) തറനിലയിലും First Floor ലും വാഹനം പ്രദർശിപ്പിക്കുന്നതായി കാണിച്ചിട്ടുണ്ട്. (Show room).അതിനാൽ ഈ ഭാഗം ഉപഭോക്താക്കളുടെ വാഹനം പാർക്കു ചെയ്യുന്ന ഭാഗമായി കണക്കാക്കാൻ കഴിയില്ല.KPBR റൂൾ 38,4B പ്രകാരം പാർക്കിംഗിനുള്ള സ്ഥലം വരച്ചു കാണിച്ചിട്ടില്ല.
m) Fire N.O.C യ്ക്കയച്ച പ്ളാനിൽ KPBR 144(2) പ്രകാരം ലൈസൻസിയുടെ പരിശോധനാ സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. സർട്ടിഫിക്കറ്റോടു കൂടിയുള്ള ഒപ്പ് എല്ലാ പ്ളാനിലും രേഖപ്പെടുത്തിയിട്ടില്ല.
n) KPBR 104(3,4,5) പ്രകാരം ശാരീരിക അവശതകൾ ഉള്ളവർക്ക് ഏർപ്പെടുത്തേണ്ട സംവിധാനങ്ങൾ പ്ളാനിൽ ഉൾപ്പെടുത്തിയിട്ടില്ല.

o) ഇരുചക്രവാഹനങ്ങൾക്കുള്ള സ്ഥലം പ്ളാനിൽ ഉൾപ്പെടുത്തിയിട്ടില്ല.
p) റീസർവ്വെ പ്ളാനിൽ കാണുന്ന സ്ഥലത്തിന്റെ അളവും പ്ലാനിൽ കാണിച്ചിരിയ്ക്കുന്ന അളവും വ്യത്യസ്ഥമാണ്.

ഗുരുതരമായ അപാകതകൾ നിലനിൽക്കേ കെട്ടിടനിർമ്മാണത്തിനു അനുമതി നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി അന്വേഷണവിധേയമാക്കേണ്ടതാണ്.
മൂന്നു നില കെട്ടിടത്തിന്റെ structure നിലവിൽ പൂർത്തീകരിച്ചതായി ഓഡിറ്റ് നേരിട്ടു നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യമായി. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കു വിരുദ്ധമായാണ് നിർമ്മിക്കുന്നതെന്നും ടി നിർമ്മാണം പത്തനംതിട്ട-റാന്നി റോഡിൽ നിന്നും നിശ്ചിത അകലം പാലിയ്ക്കുന്നില്ലായെന്നും കെട്ടിടത്തിന്റെ നിർമ്മാണം അടിയന്തിരമായി നിർത്തി വയ്ക്കണമെന്നും 28.02.2017 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെട്ടിട ഉടമസ്ഥനായ ശ്രീ ജോൺ മാത്യുവിന് നോട്ടീസ് നൽകിയതായി ഫയലിൽ കാണുന്നു.(നം.M3-658/17). പത്തനംതിട്ട പൊതുമരാമത്ത് (Roads) വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറും പ്രസ്തുത അനധികൃത നിർമ്മാണം നിർത്തിവയ്ക്കാൻ നോട്ടീസ് നൽകണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്തു നൽകിയിരുന്നു. (നം.P.S.09/14/4;08.03.2017).

ഇത്രയേറെ ഗുരുതരമായ അപാകതകൾ നിലനിൽക്കേ KPBR-2011 പാലിയ്ക്കുന്നു എന്ന വ്യാജ റിപ്പോർട്ട് 21.06.2016 ൽ നൽകിയ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെയും അതിൽ മേലൊപ്പു ചാർത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും നടപടി വിജിലൻസ് തലത്തിൽ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.



(മൈലപ്ര-പത്തനംതിട്ട PWD റോഡിനോട് ചേർത്ത് നിർമ്മിയ്ക്കുന്ന കെട്ടിടത്തിന്റെ ഭാഗം)

09.08.2016 ൽ അസിസ്റ്റന്റ് എഞ്ചിനീയർ 15 അപാകതകൾ ചൂണ്ടിക്കാണിച്ചു സമർപ്പിച്ച റിപ്പോർട്ട് അവഗണിച്ചുകൊണ്ട് ബിൽഡിംഗ് പെർമിറ്റ് ന്ലകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടിയും അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. DDP യുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്. നിലവിലെ അനധികൃത കെട്ടിട നിർമ്മാണം പരിശോധിച്ച് നിർത്തിവയ്പ്പിക്കാൻ ഭരണസമിതി ഇടപെടേണ്ടതാണ്.

2-2 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിയ്ക്കാതെ സ്കൂൾ കെട്ടിടം നിർമ്മിച്ചു

മൈലപ്ര ഗ്രാമപഞ്ചായത്തിൽ എസ്.എച്ച് ഹയർസെക്കണ്ടറി സ്കൂൾ എന്ന സ്ഥാപനം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിയ്ക്കാതെ അനധികൃതമായി മൂന്നു നിലയുള്ള സ്കൂൾ കെട്ടിടം നിർമ്മിച്ചു. Ground Floor,First Floor എന്നിവയ്ക്കായി 941.44 ചതുരശ്ര മീറ്റർ കെട്ടിടം നിർമ്മിക്കുവാനാണ് ഗ്രാമപഞ്ചായത്ത് ബിൽഡിംഗ് പെർമിറ്റ് നൽകിയിരുന്നതെങ്കിലും (നം.M3/3277;26.02.2015), സ്കൂൾ മാനേജർ അനധികൃതമായി $824.32m^2$ കൂടി നിർമ്മിച്ചു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഏരിയ	പെർമിറ്റ് നൽകിയത്	അനധികൃതമായി നിർമ്മിച്ചത്	കെട്ടിടത്തിന്റെ നിലവിലെ വിസ്തീർണ്ണം

Ground Floor	471.22m^2	117.70m^2	588.92m^2
First Floor	471.22m^2	117.70m^2	588.92m^2
Second Floor		588.92m^2	588.92m^2
ആകെ	**941.44m^2**	**824.32m^2**	**1766.76m^2**

അനധികൃതമായി സ്കൂൾ കെട്ടിടം നിർമ്മിച്ച ശേഷം കെട്ടിടത്തിനു നമ്പറിട്ടു നൽകുന്നതിനു 06.07.2015 ൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി. ഫയൽ പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനീയർ താഴെ പറയുന്ന അപാകതകൾ ചൂണ്ടിക്കാണിച്ച് 25.07.2015-ൽ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി.

a). ചട്ടം 56(2)iii പ്രകാരമുള്ള റിയർ യാർഡ് (5 മീറ്റർ) ഇല്ല.സൈറ്റിലെ അളവുകളും ഡ്രോയിംഗിലെ അളവുകളും വ്യത്യസ്തമാണ്.

b) സെക്ഷനിൽ കെട്ടിടത്തിന് 16 മീറ്റർ ഉയരവും എലിവേഷനിൽ 16.45 മീറ്റർ ഉയരവും കാണിച്ചിരിക്കുന്നു.

c) മഴവെള്ള സംഭരണിയുടെ ശേഷി 88288 ലിറ്റർ വേണം.(റൂൾ 109(A)). ഇവിടെ 50000 ലിറ്ററിന്റെ സംവിധാനം മാത്രമെ ഉള്ളു.ഭൂഗർഭജല പോഷണ സംവിധാനം വേണം.

d) ചട്ടം 47 പ്രകാരമുള്ള ഫയർ എസ്കേപ്പ് സ്റ്റെയർകേസിന്റെ വിശദാംശങ്ങൾ പ്ളാനിൽ ഉൾപ്പെടുത്തിയിട്ടില്ല.



മേൽ വിവരിച്ച അപാകതകൾ പരിഹരിച്ചതായുള്ള റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടില്ല.കെട്ടിടത്തിന്റെ പിൻഭാഗത്തിന് ആവശ്യമായ സെറ്റ്ബാക്ക് ഇല്ലാത്തതിനാൽ കെട്ടിടത്തിനോട് ചേർന്നുള്ള ഒരു സ്ഥലമുടമയുടെ സമ്മതപത്രം ഗ്രാമപഞ്ചായത്ത് അധികൃതർ വാങ്ങുകയും 'കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കു വിധേയമാകും വിധം വിശദാംശങ്ങൾ രേഖപ്പെടുത്തി നൽകാൻ' അസിസ്റ്റന്റ് എഞ്ചിനീയർക്കു 27.12.2016 ൽ ഫയൽ കൈമാറുകയും ചെയ്തു. ചട്ടവിരുദ്ധമായി നടത്തിയ നിർമ്മാണം ക്രമവൽക്കരിച്ചു നൽകുന്നതിനും ചട്ടത്തിൽ ഇളവു നൽകുന്നതിനും സർക്കാറിനു മാത്രമെ അധികാരമുള്ളു എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 07.01.2017 ൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതു പ്രകാരം സർക്കാറിൽ അപേക്ഷ നൽകി കെട്ടിട നിർമ്മാണം ക്രമവൽക്കരിയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സ്കൂൾ മാനേജർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദ്ദേശം നൽകി.(നം.M3-1477/15;02.03.2017)

എന്നാൽ ഇതിനു ശേഷം 6 മാസം കഴിഞ്ഞിട്ടും സർക്കാറിൽ നിന്നും അനുമതി ലഭ്യമാക്കാൻ സ്കൂൾ മാനേജർക്കു കഴിഞ്ഞിട്ടില്ല. അടിയന്തിരമായി ഈ വിഷയം ഭരണതലം മുഖേന (ഡിഡിപി) സർക്കാറിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. കെട്ടിടത്തിനു നമ്പറിട്ടു നൽകുനതിൽ സർക്കാറിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. അതു

വരെ സ്കൂൾ കെട്ടിടത്തിന്റെ യു.എ നമ്പർ നൽകി നിലിവൽ ഈടാക്കേണ്ട നികുതിയുടെ രണ്ടിരട്ടി കൂടി വാങ്ങേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2-3 അഗ്നിരക്ഷാ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെ ബിൽഡിംഗ് പെർമിറ്റു നൽകി

ശ്രീ ജോൺ ചാക്കോ,മഠത്തിൽപറമ്പിൽ,മണ്ണാറക്കുളഞ്ഞി P.O എന്ന വ്യക്തി തന്റെ രണ്ടു നിലയുള്ള വാണിജ്യ കെട്ടിടത്തിനു മുകളിൽ ഒരു നില കൂടി നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റിനായി 01.09.2015 ൽ അപേക്ഷ സമർപ്പിച്ചിരുന്നു.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (ആർ.എ) 15.6.2013-ലെ സർക്കുലർ പ്രകാരം (നം. 32131/ ആർ.എ1/2012/തസ്വഭവ) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ സാങ്കേതിക വിദഗ്ദ്ധർ പരിശോധന നടത്തിയതിന് ശേഷം മാത്രമേ സെക്രട്ടറി പെർമിറ്റ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു പ്രകാരം ഫയൽ അസിസ്റ്റന്റ് എഞ്ചിനീയർക്കു കൈമാറുകയും സെറ്റ് പരിശോധന റിപ്പോർട്ട് 26.09.2015 ൽ നൽകുകയും ചെയ്തു. സൈറ്റ് പരിശോധിച്ചതിൽ അളവുകൾ ശരിയാണെന്നും പ്ളാൻ KPBR പ്രകാരം ആയതിനാൽ നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ നിലയ്ക്ക് പെർമിറ്റ് നൽകാവുന്നതാണ് എന്ന ഒറ്റ വരിയിലുള്ള പരിശോധന റിപ്പോർട്ടാണ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിട്ടുള്ളത്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബിൽഡിംഗ് പെർമിറ്റ് നൽകുകയും ചെയ്തു. (നം.M3-1913/15-16;24.11.2015). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	കെട്ടിടത്തിന്റെ വിസ്തീർണ്ണം
Existing Ground Floor	$157m^2$
Existing First Floor	$175m^2$
Proposed Second Floor	$175m^2$
Proposed Stair case	$8.2m^2$
ആകെ	$515.2\ m^2$



എന്നാൽ കെട്ടിട നിർമ്മാണത്തിനു നിലവിലെ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ചിട്ടില്ല. നിലവിലുള്ള Ground Floor ഉം First Floor ഉം വാണിജ്യ വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ കെട്ടിടത്തിനെ വാണിജ്യ ഗണത്തിൽ (ഗ്രൂപ്പ്-F) ഉൾപ്പെടുത്താനെ കഴിയൂ. KPBR,Rule 58(12) പ്രകാരം G+2 വരുന്ന കെട്ടിടമായതിനാൽ ഫയർ & റസ്ക്യൂ സ്രവ്വീസ് ഡിപ്പാർട്ട്മെന്റിന്റെ നിരാക്ഷേപപത്രം ഹാജരാക്കിയെങ്കിൽ മാത്രമെ ബിൽഡിംഗ് പെർമിറ്റ് നൽകുവാൻ കഴിയുകയുള്ളൂ. എന്നാൽ ഈ കെട്ടിടത്തിന്റെ കാര്യത്തിൽ അത്തരമൊരു പരിശോധന നടത്തിയിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടോയെന്ന് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാത്തത് 26.9.2015-ൽ പ്രസ്തുത സാക്ഷ്യപത്രം നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഇപ്രകാരമുള്ള സാക്ഷ്യപത്രം നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിന്മേൽ ഭരണതലത്തിൽ (ഡി.ഡി.പി) നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഇതിന്മേൽ അടിയന്തിരമായി നിലവിലെ സാങ്കേതിക വിഭാഗം അന്വേഷണം നടത്തി ഓഡിറ്റിനു റിപ്പോർട്ട് നൽകേണ്ടതാണ്. നിർമ്മാണം അനധികൃതമെങ്കിൽ ബിൽഡിംഗ് പെർമിറ്റ് റദ്ദു ചെയ്യാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പെർമിറ്റ് റദ്ദു ചെയ്തതിന്റെ വിവിരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2-4 ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതിൽ നിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2016-17 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ, ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ പല അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങൾക്ക് മുൻ വർഷം ഈടാക്കിയ തുക തന്നെ ലൈസൻസ് ഫീസായി തുടർന്നും ഈടാക്കിപ്പോരുകയാണ് ചെയ്യുന്നത്. ഇതു കാരണം ലൈസൻസ് ഫീസ് ഇനത്തിൽ വൻ തുകയുടെ കുറവുണ്ടാകുന്നു.

2. ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം ഭൂരിഭാഗം വ്യാപരസ്ഥാപനങ്ങളും പാലിക്കുന്നില്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനായി 218 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിൽ എഴുതി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 117 വ്യാപാര സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. വാണിജ്യാവശ്യത്തനായി നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ പൂർണ്ണമായി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്.

നിയമാനുസൃതമായ രേഖകൾ ഹാജരാക്കാതെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

ക്രമ നം.	*ഇനം/സ്ഥാപനം*	*ലൈസൻസ് ലഭിച്ച വ്യക്തി*	*ലൈസൻസ് നമ്പർ/ ഹാജരാക്കാത്ത രേഖകൾ*
1	ഗോതമ്പ് സംസ്കരണം, മൈ ഫുഡ് റോളർ ഫാക്ടറി പ്രൈവറ്റ് ലിമിറ്റഡ്	XI/82 ജോഷുവാ മാത്യു, മാനേജിംഗ് ഡയറക്ടർ, മൈ ഫുഡ് റോളർ ഫാക്ടറി	1.ഫാക്ടറീസ് & ബോയിലേഴ്സിന്റെ ലൈസൻസ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. 2.ലൈസൻസ് അപേക്ഷയോടൊപ്പം ഹാജരാക്കിയ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിന് 30.06.15 വരെ സാധുതയുള്ളൂ

2	വളം, ആസിഡ് എന്നിവയുടെ വ്യാപാരം	II/42സെക്രട്ടറി, മേക്കൊഴൂർ എസ്.സി.ബി	1. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം ഹാജരാക്കിയിട്ടില്ല
3	വളം, കീടനാശിനികൾ, കുമിൾ നാശിനികൾ എന്നിവയുടെ വ്യാപാരം	285/VIII, സെക്രട്ടറി, മൈലപ്ര സർവ്വീസ് സഹകരണ ബാങ്ക്	1.മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം ഹാജരാക്കിയിട്ടില്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ആവശ്യകത നിർണ്ണയിക്കാതെ ട്യൂബ് ലൈറ്റുകൾ വാങ്ങിയത് വിതരണം ചെയ്യാത്ത അവസ്ഥയിൽ

പദ്ധതിയുടെ പേര്/നമ്പർ	തെരുവ് വിളക്കിനായി സിംഗിൾ ട്യൂബ് സെറ്റ് വാങ്ങി സ്ഥാപിക്കൽ (59/17)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
വകയിരുത്തിയ തുക	107130/- (വികസന ഫണ്ട്) 71760/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവഴിച്ച തുക	89804/- (ട്രഷറി ബിൽ നം. 13/16-17/25.11.16) 16120/- (ട്രഷറി ബിൽ നം. 42/16-17/30.3.17) 71760/- (ട്രഷറി ബിൽ നം. 40/16-17/30.3.17)

പ്രസ്തുത പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലായി 104 എണ്ണം 36W സിംഗിൾ ട്യൂബ് സെറ്റ് വാങ്ങിയിട്ടുണ്ട്. എന്നാൽ ട്യൂബ് സെറ്റുകൾ നാളിതുവരെ ഇൻസ്റ്റാൾ ചെയ്യാത്ത അവസ്ഥയിലാണ്. ആവശ്യകത നിർണ്ണയിക്കാതെയാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ട്യൂബ് ലൈറ്റുകൾ അടിയന്തിരമായി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 177684/- രൂപ തടസ്സപ്പെടുത്തുന്നു.

3-2 ആയുർവ്വേദാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല

ആയുർവ്വേദാശുപത്രിയിലേക്ക് അവശ്യ മരുന്നുകൾ വാങ്ങുന്നതിനായി 2016-17 സാമ്പത്തിക വർഷം രണ്ട് പദ്ധതികൾ രൂപീകരിച്ച് ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിലേക്ക് തുകയടച്ചെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം	*ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിലേക്ക് ഒടുക്കിയ തുക*	*ഡി.ഡി / ബിൽ നം.*	*ലഭിച്ച മരുന്നുകളുടെ മൂല്യം*
S0043/17 (ഗവ.ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ)	300000	477355/ 26.12.16	191706

S0044/17 (എൻ.ആർ.എച്ച്.എം ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ)	200000	477354/ 26.12.16	70301

ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ മെഡിക്കൽ ഓഫീസറുമായി 2.1.2017-ൽ എക്സിക്യൂട്ട് ചെയ്ത എഗ്രിമെന്റ് പ്രകാരം മരുന്നുകൾ 60 ദിവസത്തിനുള്ളിൽ പൂർണ്ണമായും സപ്ലൈ ചെയ്യേണ്ടതാണ്. എന്നാൽ നാളിതുവരെയും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട് 237993/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3-3 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല

2016-17 സാമ്പത്തിക വർഷം പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0060/17) പദ്ധതി നടപ്പിലാക്കിയപ്പോൾ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയിട്ടില്ല. എെ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതിക്കായി വികസന ഫണ്ട് 150000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായയത്ത് വിഹിതം ലഭ്യമാക്കാതെയാണ് പദ്ധതി രൂപീകരിച്ചത്. ഇതുമൂലം പദ്ധതിയിലുൾപ്പെട്ട 20 ഗുണഭോക്താക്കൾക്ക് ചുവടെ ചേർക്കുംപ്രകാരമുള്ള ആനുകൂല്യം മാത്രമാണ് ലഭിച്ചിട്ടുള്ളത്.

ക്രമ നം	*ഗുണഭോക്താക്കളുടെ എണ്ണം*	*നൽകിയ തുക*	*ആകെ*
1	8	9000	72000
2	3	8000	24000
3	1	7000	7000
4	7	6000	42000
5	1	5000	5000
ആകെ	**20**		**15000**

പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 15,200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്.ഇത്തരം സംയുക്ത പദ്ധതികൾ നടപ്പിലാക്കുമ്പോൾ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും അർഹമായ നിരക്കിൽ ഗുണഭോക്താക്കൾക്ക ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3-4 സംയുക്ത പ്രൊജക്ട് നടപ്പിലാക്കുന്നതിൽ വീഴ്ച

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് 330000/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 200000/- രൂപയും വകയിരുത്തിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ വിഹിതം പൂർണ്ണമായി ചെലവഴിച്ചെങ്കിലും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 93359/- രൂപ (17.11.2016-ൽ ലഭിച്ചത്) മാത്രമേ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. പത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം (സ.ഉ 4/16/ തസ്വഭവ തീയതി 11.1.2016) സംയുക്ത പ്രൊജക്ടിൽ കുറഞ്ഞ വിഹിതം വകയിരുത്തിയ തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം ചെലവഴിച്ച ശേഷമേ കൂടിയ വിഹിതം വകയിരുത്തിയ സ്ഥാപനത്തിന്റെ വിഹിതം ചെലവഴിക്കാവൂ എന്ന നിർദ്ദേശമുണ്ട്. കൂടാതെ, സംയുക്ത

പ്രൊജക്ടിൽ ഏർപ്പെടുന്ന സ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. പ്രസ്തുത വ്യവസ്ഥകൾ പാലിയ്ക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഭാവിയിൽ സംയുക്ത പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ പ്രസ്തുത കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

3-5 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികൃതർക്ക് കഴിഞ്ഞിട്ടില്ല. 3140752 രൂപ ചെലവഴിക്കാതെ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നിർവ്വഹണത്തിന് ലഭ്യമായ തുക	*ചെലവഴിച്ച തുക*	*ലാപ്സായ തുക*	*ചെലവ് ശതമാനം*
4708674	1567922	3140752	33.29

2016-17വർഷം മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ആകെ 25 റോഡ് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും ഇതിൽ 18 പ്രവൃത്തികളും നിർവ്വഹിച്ചില്ല. അതത് സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് ഉദ്ദേശിച്ചാണ് സർക്കാർ ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന സർക്കാർ ഗ്രാന്റ് ചെലവഴിക്കാതെ ലാപ്സാക്കിയത് നിർവ്വഹണഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ലഭിച്ച ഫണ്ട് ചെലവഴിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഫണ്ട് വിനിയോഗം കാര്യക്ഷമവും സമയബന്ധിതവും ആക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3-6 റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ - ഖ: 11.1 (x)(b)]. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപിക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല.

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പദ്ധതികളും അവയുടെ ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം	*അടങ്കൽ*	*നടപ്പിലാക്കിയത്*	*ചെലവഴിച്ച തുക*	*ലാപ്സായ തുക*	*ചെലവ് ശതമാനം*
17	3327083	15	2042854	1284229	61.4

ചെലവിന്റെ വലിയൊരു ശതമാനം വെള്ളക്കരം ഒടുക്കുവാനും വിവിധ മരുന്നു വാങ്ങൽ പദ്ധതികൾക്കുമാണ് ഉപയോഗിച്ചിരിക്കുന്നത്. (56 ശതമാനം) പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് തുക ചെലവഴിക്കാൻ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3-7 ആശ്രയ പദ്ധതി - അവലോകനം

ഒന്നാം ഘട്ടം

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഒന്നാം ഘട്ട ആശ്രയ പദ്ധതി പൂർണ്ണമായും ഭക്ഷണ വിതരണത്തിൽ മാത്രമായി ഒതുങ്ങി. ആശ്രയ പദ്ധതിയിൽ 75 കുടുംബങ്ങളാണ് ഉള്ളത്. 3604200/-രൂപ അടങ്കലുള്ള ആദ്യഘട്ട ആശ്രയ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു. ആശ്രയ പദ്ധതിയുടെ ധനകാര്യ വിശകലനം ചുവടെ ചേർക്കുന്നു.

ക്രമ നം	*ഇനം*	*ഗുണഭോക്താക്കളുടെ എണ്ണം*	*വകയിരുത്തിയ തുക*	*ചെലവ് തുക*
1	ഭക്ഷണം	62	312000	243298
2	ചികിത്സ	58	298000	-
3	വസ്ത്രം	21	21000	-
4	ഭൂമി	4	160000	-
5	വീട്	23	2300000	-
6	കുടിവെള്ളം	19	190000	-
7	സ്വയം തൊഴിൽ	9	90000	-
8	വിദ്യാഭ്യാസം	8	40000	-
9	വീട് അറ്റകുറ്റപ്പണി	6	90000	-
13	പെൻഷൻ	18	43200	-
		ആകെ	**3604200**	**243298**

രണ്ടാം ഘട്ടം

4450000/- രൂപ അടങ്കലുള്ള രണ്ടാം ഘട്ട ആശ്രയ പദ്ധതിയ്ക്ക് സ.ഉ(സാധാ.) 223/14/ത.സ്വ.ഭ.വ തീയതി 24.1.2014 പ്രകാരം അംഗീകാരം ലഭിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

വർഷം	*വകയിരുത്തിയ തുക*			*ചെലവഴിച്ച തുക*		
	വികസന ഫണ്ട്	*ചലഞ്ച് ഫണ്ട്*	*ആകെ*	*വികസന ഫണ്ട്*	*ചലഞ്ച് ഫണ്ട്*	*ആകെ*
2013-14	120000	596330	716330	-	-	-
2014-15	1254000	593330	1847330	-	15000	15000
2015-16	1296000	590340	1886340	-	115235	115235
2016-17	-	-	-	-	151344	151344
ആകെ	**2670000**	**1780000**	**4450000**	**-**	**281579**	**281579**

പ്രസ്തുത പദ്ധതി പ്രകാരം വിവിധ ഇനങ്ങൾക്കായി വകയിരുത്തിയ തുകയും നാളിതുവരെയുള്ള ചെലവും (31.3.2017 വരെ) പരിശോധിക്കുമ്പോൾ ഭൂരിപക്ഷം ചെലവും ഭക്ഷണ വിതരണത്തിന് മാത്രമാണ് എന്ന് വ്യക്തമാകുന്നു. കൂടാതെ വികസന ഫണ്ടിൽ നിന്നും യാതൊരു തുകയും പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടില്ല. ഭക്ഷണയിനത്തിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

ക്രമ നം.	*ഇനം*	*ഗുണഭോക്താക്കളുടെ എണ്ണം*	*വകയിരുത്തിയ തുക*		*ചെലവഴിച്ച തുക*	
			വികസന ഫണ്ട്	*ചലഞ്ച് ഫണ്ട്*	*വികസന ഫണ്ട്*	*ചലഞ്ച് ഫണ്ട്*
1	ഭക്ഷണം	86	-	109800	-	266579

2	ചികിത്സ	86	-	649070	-	-
3	ഭവന നിർമ്മാണം	8	1600000		-	-
4	ഭവന പുനരുദ്ധാരണം	33	825000		-	-
5	കുടിവെള്ളം	8	96000		-	-
6	വിദ്യാഭ്യാസം	28	84000		-	-
7	സ്വയം തൊഴിൽ	13	65000		-	-
6	പദ്ധതി തയ്യാറാക്കൽ		-	15000	-	15000
7	നിർവ്വഹണം/ മോണിട്ടറിംഗ്		-	17800	-	-
8	റിസർവ് ഫണ്ട്		-	15000	-	-
	ആകെ		**2670000**	**1780000**	**-**	**281579**

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിറ്ററിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ് അംഗം, രണ്ട് സാമൂഹ്യപ്രവർത്തകർ എന്നിവരായിരിക്കണം മോണിറ്ററിംഗ് സമിതി അംഗങ്ങൾ. സമിതി കൃത്യമായി കൂടുകയോ പദ്ധതി പ്രവർത്തനം വിലയിരുത്തുകയോ ചെയ്യുന്നില്ല എന്നത് ഗുരുതരമായ ഒരു ന്യൂനതയാണ്. ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	*ലഭിച്ച തുക*	*പദ്ധതിയുടെ പേര്*	*ചെലവഴിച്ച തുക*	*നീക്കിയിരിപ്പ്*
ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട	200000	പാലിയേറ്റീവ് കെയർ പദ്ധതി	93359	106641
ബ്ലോക്ക് പഞ്ചായത്ത്, കോന്നി	150000	സമ്പൂർണ്ണ ക്ഷീര ഗ്രാമം, പാലിന് സബ്സിഡി	150000	0

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	*പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര്*	*ഡെപ്പോസിറ്റ് ചെയ്ത തുക, ചെക്ക്/ഡി.ഡി./ ചലാൻ നം*	*പൂർത്തീകരിച്ച വിവരം*
പി.ഡബ്ല്യു.ഡി, ഇലക്ട്രിക്കൽ വിംഗ്	പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം	475000, ബിൽ നം. 25/16-17	പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല
കെ.എസ്.ഇ.ബി	വിവധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	96914, ബിൽ നം. 23, 24/16-17	പണി പൂർത്തീകരിച്ചിട്ടുണ്ട് പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	*ഉത്തരവ് നം., തീയതി*	*വായ്പ തുക*	*വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക*	*തൻവർഷം തിരിച്ചടച്ച തുക*		*വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക*
				മുതൽ	*പലിശ*	
ഇല്ല						

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	*ഭാഗം/ ഖണ്ഡിക*	*ഈടാക്കിയ തുക*	*ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും*	*രശീത് നമ്പർ / തിയ്യതി*
ഇല്ല				

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	*ഖണ്ഡിക*	*സമാഹൃത റിപ്പോർട്ട് വർഷം*	*വിഷയം*	*ഇപ്പോഴത്തെ അവസ്ഥ*
2001-2002	38	2003-04	പേഴുംകാട്-വട്ടാംകുഴി കലുങ്ക് നിർമ്മാണം സംബന്ധിച്ച എം-ബുക്ക്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല	വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും എം-ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ)	25507935
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	21491294
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല.
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല.
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	177684

(ബി) <u>ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(സി) **<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

ഖണ്ഡിക നമ്പർ	*തുക*	*ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും*
3-1	177684	ശ്രീ. പി കെ ജോൺ, സെക്രട്ടറി
ആകെ	**177684**	

(ഡി) **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

(ഇ) **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

(എഫ്)**<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

പേരും ഉദ്യോഗപ്പേരും	*ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം*	*സ്ഥിരം മേൽവിലാസം*
ശ്രീ. പി കെ ജോൺ, സെക്രട്ടറി	വിരമിച്ചു	പുത്തൻപറമ്പിൽ, പുതുമൽ, മാരൂർ പി.ഒ, പത്തനംതിട്ട (ജില്ല)

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	*ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ* *കത്തിടപാടിന്റെ വിവരം*	*തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം*
1997-98	എൽ.എഫ്.പി.റ്റി.എ.പി2-194/02, തീയതി 15-01-2002	13
1998-99	എൽ.എഫ്.പി.റ്റി.എ.പി2-673/01, തീയതി 13-11-2001/ 29-12-2001	7

2000-01	എൽ.എഫ്.പി.റ്റി.എ.പി2-865/01, തീയതി 16-08-2002	3
2001-02	എൽ.എഫ്.പി.റ്റി.എ.പി2-41/03, തീയതി 03-04-2003/ 29-11-03	1
2003-04	എൽ.എഫ്.പി.റ്റി.എ.പി2-46/05, തീയതി 15.02.2005/12.08.2005	3
2004-05	എൽ.എഫ്.പി.റ്റി.എ.പി2.727/06.12.11.2007	-
2005-06	എൽ.എഫ്.പി.റ്റി.എ.പി5.747/08;10.01.2011	-
2006-07	എൽ.എഫ്.പി.റ്റി.എ.പി9.714/09;21.01.2011	-
2007-08	എൽ.എഫ്.പി.റ്റി.എ.പി9-895/11, തീയതി 08.12.2011	14
2008-09 & 2009-10	എൽ.എഫ്.പി.റ്റി.എ.പി9-866/12, തീയതി 11-12-2012	10
2010-11	എൽ.എഫ്.പി.റ്റി.എ.പി9-423/13, തീയതി 06-09-2013/10-12-13	10
2011-12	എൽ.എഫ്.പി.റ്റി.എ.പി9-424/13, തീയതി 11-09-2013/10-12-13	21
2012-13	എൽ.എഫ്.പി.റ്റി.എ.പി9-1169/14, തീയതി 16.12.2014	9
2013-14 &2014-15	കെ.എസ്.എ. പി.റ്റി.എ/പി9/329/2016; തീയതി:23.03.2016	
2015-16	കെ.എസ്.എ പി.റ്റി.എ.പി9/68/2017 തീയതി.10.02.2017	

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി9-1224/17 തീയതി 4.11.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

2

AUDIT CERTIFICATE

AUDIT CERTIFICATE

No.KSAPTA.P9-1224/17 Dated 4.11.2017

Certified that I have Audited the Annual Financial Statement of Mylapra Grama Panchayat in Pathanamthitta district for the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mylapra Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta